# കാർബൺ ന്യൂട്രൽ കാട്ടാക്കട
# ഊർജ ഓഡിറ്റ് റിപ്പോർട്ടുകൾ പ്രകാശനം ചെയ്തു

കാർബൺ ന്യൂട്രൽ കാട്ടാക്കട പദ്ധതിയുടെ ഭാഗമായി കാട്ടാക്കട മണ്ഡലത്തിലെ സർക്കാർ സ്ഥാപനങ്ങളിൽ നടത്തിയ ഊർജ്ജ ഓഡിറ്റ് റിപ്പോർട്ടുകൾ എനർജി മാനേജ്മെന്റ് സെന്റർ ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന ചടങ്ങിൽ പ്രകാശനം ചെയ്തു. വൈദ്യുതി വകുപ്പ മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി, കാട്ടാക്കട എം. എൽ. എ. ശ്രീ. ഐ. ബി. സതീഷ്, ലാന്റ് യൂസ് ബോർഡ് കമ്മീഷണർ ശ്രീ. എ. നിസാമുദ്ദീൻ, ഇ. എം. സി. ഡയറ്കടർ ഡോഃ ആർ. ഹരികുമാർ, ഇ. എം. സി. യിലെ ഊർജ്ജകാര്യക്ഷമതാ വിഭാഗം തലവൻ ശ്രീ. ജോൺസൺ ഡാനിയേൽ എന്നിവർ ചടങ്ങിൽ സംസാരിച്ചു. ഊർജ്ജ ഓഡിറ്റ് റിപ്പോർട്ട് കാട്ടാക്കട പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ. അനിൽ കുമാർ, വിളപ്പിൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ലില്ലി മോഹൻ, കാട്ടാക്കട പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ. അനിൽ കുമാർ, പള്ളിച്ചൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മല്ലിക.ടി. എന്നിവർ ഏറ്റുവാങ്ങി.